**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 868** | **06-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രകലാ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം ബോർഡിനു കീഴിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകല അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രകലാ അക്കാദമിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി, മാടായി തിരുവർക്കാട്ട്കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പാട്ടത്തിന് എടുക്കുന്നതിന്, 15.01.2021 ൽ കൂടിയ മലബാർ ദേവസ്വം ബോർഡ് യോഗം ബോർഡ് കമ്മീഷണറെ ചുമതലപ്പെടുത്തി. പാട്ടത്തിനെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ, വില്ലേജ് ഓഫീസർ നൽകിയ അടങ്കൽ പകർപ്പ്, സ്കെച്ച്, സൈറ്റ് പ്ലാൻ തുടങ്ങിയ രേഖകൾ ലഭ്യമാക്കിയതിന് ശേഷം, ശ്രീ മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക 50 സെന്റ് സ്ഥലം ക്ഷേത്രകലാ അക്കാദമിയ്ക്ക് 30 വർഷകാലത്തേക്ക് പാട്ട വ്യവസ്ഥയിൽ നൽകുന്നതിനുള്ള ശിപാർശ നടപ്പിലാക്കുന്നതിൽ ഭക്തജനങ്ങളുടേയും പൊതു ജനങ്ങളുടേയും ആക്ഷേപാഭിപ്രായങ്ങൾ അറിയിക്കുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സെക്ഷൻ 29 (1) പ്രകാരമുള്ള നോട്ടീസ് 13/04/2021 ന് കമ്മീഷണർ പുറപ്പെടുവിച്ചിരുന്നു. ആക്ഷേ പാഭിപ്രായങ്ങളിന്മേലുള്ള വിചാരണ നടന്നുവരുന്നു. 2 തവണ വിചാരണ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ